**പതിനാലാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2047 **05.05.2017-** ലെ മറുപടിക്ക്

**ഞാറക്കലിൽ ബാബുവിന് ഭവനനിർമ്മാണത്തിനുള്ള അവസാനഗഡു അനുവദിക്കാൻ നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എസ്.ശർമ്മ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | വൈപ്പിൻ നിയോജക മണ്ഡലത്തിലെ ഞാറക്കലിൽ പട്ടികജാതി ഭവന നിർമ്മാണ പദ്ധതി പ്രകാരം അപേക്ഷിച്ച് രണ്ടു ഗഡു തുക ലഭ്യമായ ബാബു എം. എ. ക്ക് അവസാന ഗഡു തുക ഉദ്യോഗസ്ഥരുടെ പിഴവുമൂലം അക്കൗണ്ട് നമ്പർ മാറിപ്പോയതിനാൽ ഇതുവരെ ലഭ്യമായിട്ടില്ലാത്തതിനാൽ ഈ തുക അനുവദിച്ചുകിട്ടണമെന്ന് ആവശ്യപ്പെട്ട് കത്ത് ലഭിച്ചിരുന്നോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ; | (എ) & (ബി) | ലഭിച്ചിരുന്നു.<br>ഞാറയ്ക്കൽ മന്ത്രപറമ്പിൽ ശ്രീ.ബാബു.എം.എ, എന്നയാൾക്ക് ഭവന നിർമ്മാണ ധനസഹായത്തിന്റെ മൂന്ന് ഗഡു തുകകൾ അനുവദിക്കുകയും ആയത് കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. എന്നാൽ അവസാന ഗഡു തുക 45,000/- രൂപ ഇ-ഹൗസിംഗ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി അയയ്ക്കുകയും തുക അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിന് നൽകുകയും acknowledgment receipt ലഭിക്കുകയും ചെയ്തിരുന്നു. ടിയാന് തുക ലഭ്യമായില്ല എന്ന പരാതിയെ തുടർന്ന് BIMS വഴി പരിശോധിച്ചപ്പോൾ തുക ട്രഷറി മുഖേന ക്രെഡിറ്റ് ചെയ്തപ്പോൾ അക്കൗണ്ട് നമ്പർ മാറി മറ്റൊരാളുടെ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റായതായി അറിയാൻ കഴിഞ്ഞു. തുടർന്ന് SBT ഞാറയ്ക്കൽ ബ്രാഞ്ച് മാനേജരോട് അന്വേഷിച്ചതിൽ ടി തുക SBT യുടെ ബാംഗ്ലൂർ ബ്രാഞ്ചിലെ 67221011935 എന്ന അക്കൗണ്ട് നമ്പരിലേയ്ക്കാണ് ക്രെഡിറ്റായതെന്ന് അറിയാൻ കഴിഞ്ഞു. തുടർന്ന് ടി തുക ബ്ലോക്ക് ചെയ്യുന്നതിനും ശ്രീ.ബാബു മന്ത്രപ്പറമ്പിലിന്റെ SBT ഞാറയ്ക്കൽ ബ്രാഞ്ചിലെ ടിയാന്റെ 67224044935 നമ്പർ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുന്നതിനും SBT ഞാറയ്ക്കൽ ബ്രാഞ്ച് മാനേജർ, SBT HSR layout ബ്രാഞ്ച് മാനേജർ, ബാംഗ്ലൂർ SBT റീജണൽ മാനേജർ, എറണാകുളം ജില്ലാ ട്രഷറി ഓഫീസർ എന്നിവർക്ക് കത്ത് നൽകിയിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടി വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| (സി) | നിർദ്ധന കുടുംബത്തിൽപ്പെട്ട ബാബുവിന് അർഹതപ്പെട്ട അനുകൂല്യം എന്നത്തേക്ക് ലഭ്യമാക്കാനാകുമെന്ന് വിശദമാക്കാമോ ? | | ശ്രീ.ബാബുവിന് അടിയന്തരമായി തുക വിതരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ